(1)	(2)
വിദ്യാഭ്യാസ വായ്പ (ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷന്റെ പുനർ വായ്പ ഉപയോഗിച്ചുള്ളത്)	ഗ്രാമ പ്രദേശങ്ങളിൽ 81,000 രൂപ വരെയും നഗര പ്രദേശങ്ങളിൽ 1,03,000 രൂപ വരെയും കോർപ്പറേഷന് ലഭ്യമാകുന്ന വാർഷിക മൂലധന വിഹിതം പരിമിതമായതിനാലും അപേക്ഷകരുടെ ബാഹുല്യം പരിഗണിച്ചും കോർപ്പറേഷൻ നടപ്പിലാക്കുന്ന വിദ്യാഭ്യാസ വായ്പാ പദ്ധതിയുടെ വരുമാന പരിധി എടുത്തുകളയുന്നതിന് കഴിയില്ല. ദേശീയ ധനകാര്യ കോർപ്പറേഷന്റെ വായ്പയുടെ വരുമാന പരിധി നിശ്ചയിക്കുന്നത് ടി കോർപ്പറേഷൻ തന്നെയാണ്.

(സി) ഇല്ല.

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളുടെ നിലവാരം

232 (6937) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളുടെ നിലവാരമുയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളും സാങ്കേതികവിദ്യകളുമാണ് ഇതിനായി പ്രയോജനപ്പെടുത്തിയതെന്ന് വിശദമാക്കാമോ ;

(ഡി) പദ്ധതിക്കായി എത്രതുക വിനിയോഗിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.കളുടെ നിലവാരമുയർത്തുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly

1. Revambing of ITI എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സാദ്ധ്യ സൗകര്യമുള്ള 20 ITI-കളിൽ പുതുതായി ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

2. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ITI കളുടെ നിലവാരമുയർത്തുന്നതിനായി കേന്ദ്രം ആവിഷ്ക്കരിച്ച Upgradation of govt. ITI's through PPP എന്ന പദ്ധതിയിൽ വകുപ്പിന്റെ ഏലത്തൂർ, മംഗലം, പന്തളം, മര്യാപുരം എന്നീ 4 ഐ.ടി.ഐ.-കൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. മര്യാപുരം, കുളക്കട, ഓച്ചിറ, പന്തളം, ഐക്കാട്, SP കോളനി, എങ്കക്കാട്, മംഗലം എന്നീ 8 ITI-കൾ ഹോസ്റ്റൽ സൗകര്യത്തോടുകൂടി MRITI-കൾ ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി.ഐ-കളിൽ പ്രായോഗിക പരിശീലനത്തിനാവശ്യമായ പഠനോപകരണങ്ങളും മെഷിനറികളും ഉൾപ്പെടുത്തി പ്രാക്ടിക്കൽ ഹാൾ, കമ്പ്യൂട്ടർ ലാബ്, ടെലഫോൺ കണക്ഷൻ, തിയറി ക്ലാസ്സുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് LCD പ്രൊജക്ടർ, ഫോട്ടോകോപ്പിയർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. എല്ലാ ITI കൾക്കും വെബ്സൈറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ITI-യിലെ അദ്ധ്യാപകർക്ക് CTI-യുടെ വിവിധ സെന്ററുകളിൽ അയച്ച് ട്രെയിനിംഗ് നൽകിവരുന്നു.

(ബി) *Revambing of ITI*:- വ്യാവസായിക പരിശീലന വകുപ്പിന്റെ പരിഷ്കരണത്തോടെ പട്ടികജാതി വകുപ്പ് തന്നെ നടപ്പിലാക്കിവരുന്നു.

Upgadation of govt. ITI's through PPP:- വ്യാവസായിക പരിശീലന വകുപ്പിന്റെ പരിഷ്കരണത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. ആയതിൽ വകുപ്പിന്റെ 4 ITI കൾ (ഏലത്തൂർ, മംഗലം, പന്തളം, മര്യാപുരം) ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത ITI കളിൽ IMC (Institute Management Committee) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അതത് പ്രകാരം IMC സെക്രട്ടറി, ITI ട്രെയിനിംഗ് സൂപ്രണ്ടും IMC ചെയർമാൻ ബന്ധപ്പെട്ട പൊതുമേഖല/സ്വകാര്യ മേഖലാ സ്ഥാപനത്തെ പ്രതിനിധാനം ചെയ്യുന്ന വ്യക്തിയുമാണ്. ഏലത്തൂർ ITI IMC യുടെ ചെയർമാൻ - Chief General Manager, M/s. Maruthi Suzuki India Ltd. ആകുന്നു. മംഗലം ITI IMC ചെയർമാൻ - Managing Director, M/s. Malabar Cements Ltd. ആകുന്നു. മര്യാപുരം, പന്തളം ITI കളുടെ IMC ചെയർമാൻ - Area Service Manager M/s. TATA Motors Ltd. ആകുന്നു. വകുപ്പിന്റെ എല്ലാ ഐ.ടി.ഐ.-കളിലും വെബ്സൈറ്റ് സജ്ജമാക്കുന്നതിന് പൊതുമേഖലാ സ്ഥാപനമായ സി-ഡിറ്റുമായി ചേർന്ന് നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(സി) *Revambing of ITI*:- Revambing of ITI എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

PPP Model Upgradation:- വ്യാവസായിക പരിശീലന വകുപ്പിന്റെ സഹകരണത്തോടുകൂടി ഏലത്തൂർ, മംഗലം, പന്തളം, മര്യാപുരം എന്നീ 4 ITI കളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതുൾപ്പെടുത്തി IDP തയ്യാറാക്കി State Steering Committee -യുടെ അംഗീകാരത്തോടുകൂടി കേന്ദ്ര ഗവൺമെന്റ് അംഗീകാരത്തിന് സമർപ്പിച്ച് പദ്ധതി നടത്തിപ്പിലേക്കായി ഓരോ ITI -ക്കും 2.5 കോടി രൂപ വീതം പലിശരഹിത വായ്പയായി ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) 1. PPP പദ്ധതി :

ഏലത്തൂർ ITI	98,681 രൂപ
പന്തളം ITI	66,85,990 രൂപ
മംഗലം ITI	തുക ചെലവഴിച്ചിട്ടില്ല.
മര്യാപുരം ITI	27,50,062 രൂപ

2. MR ITI കെട്ടിടനിർമ്മാണത്തിനായി ചെലവഴിച്ചതും ഭരണാനുമതി നൽകിയതുമായ തുകയുടെ വിവരം താഴെ ചേർക്കുന്നു :

(a)	മര്യാപുരം	1,58,73,709 രൂപ
(b)	പന്തളം	1,23,73,844 "
(c)	SP കോളനി	70,63,718 "
(d)	ഐക്കാട്	ഭരണാനുമതി നൽകിയ തുക 128.5 ലക്ഷംരൂപ
(e)	എങ്കക്കാട്	ഭരണാനുമതി നൽകിയ തുക 109.73 ലക്ഷം രൂപ
(f)	മംഗലം	ഭരണാനുമതി നൽകിയ തുക 118 ലക്ഷം രൂപ
(g)	ഓച്ചിറ	PWD നേരിട്ട് പ്രവർത്തി ചെയ്യുന്നു. ഭരണാനുമതി നൽകിയിട്ടില്ല.
(h)	കുളക്കട	കെട്ടിടം പണി ആരംഭിച്ചിട്ടില്ല. പണി പൂർത്തീകരിച്ച മര്യാപുരം, പന്തളം, SP കോളനി, എങ്കക്കാട് എന്നീ 4 ഐ.ടി.ഐ.-കളിൽ ഫർണിച്ചർ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾക്കായി 47,31,927 രൂപ ചെലവഴിച്ചിട്ടുണ്ട്.

3. 44 ITI കളിൽ വെബ്സൈറ്റ് സജ്ജീകരിക്കുന്നതിന് ആദ്യഗഡുവായി 4 ലക്ഷം രൂപ സി-ഡിറ്റിന് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. 2013-14 സാമ്പത്തിക വർഷം ITI കൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കൽ, കമ്പ്യൂട്ടർ പരിശീലനത്തിനുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കൽ, അദ്ധ്യാപകർക്കുള്ള CTI ട്രെയിനിംഗ് ഉൾപ്പെടെ ITI കളുടെ പ്രവർത്തനത്തിനായി 2,10,53,783 രൂപ ചെലവഴിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കൾ

233 (6938) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എത്ര ഐ.ടി.ഐ.-കളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഐ.ടി.ഐ.-കളിൽ ക്ലറിക്കൽ തസ്തികകൾ ഉണ്ടോ യെന്ന് വ്യക്തമാക്കുമോ ; ഇല്ലാത്തപക്ഷം ആയത് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഐ.ടി.ഐ.-കളെ അപ്ഗ്രേഡ് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 44

(ബി) ഇല്ല. പരിശോധിച്ചുവരുന്നു.

(സി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളുടെ നിലവാരമുയർത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. Revambing of ITI എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സാമൂഹ്യ സൗകര്യമുള്ള 20 ITI കളിൽ പുതുതായി ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

2. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ITI-കളുടെ നിലവാരമുയർത്തുന്നതിനായി കേന്ദ്രം ആവിഷ്ക്കരിച്ച Upgradation of govt. ITI's through PPP എന്ന പദ്ധതിയിൽ ഏലത്തൂർ, മംഗലം, പന്തളം, മര്യാപുരം എന്നീ 4 ഐ.ടി.ഐ.-കൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. മര്യാപുരം, കുളക്കട, ഓച്ചിറ, പന്തളം, ഐക്കാട്, SP കോളനി, എങ്കക്കാട്, മംഗലം എന്നീ 8 ITI-കൾ ഹോസ്റ്റൽ സൗകര്യത്തോടുകൂടി MRITI -കൾ ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി.ഐ.-കളിൽ പ്രായോഗിക പരിശീലനത്തിനാവശ്യമായ പഠനോപകരണങ്ങളും മെഷിനറികളും ഉൾപ്പെടുത്തി പ്രാക്ടിക്കൽ ഹാൾ, കമ്പ്യൂട്ടർ ലാബ്, ടെലഫോൺ കണക്ഷൻ,

LIBRARY ARCHIVES Kerala Legislative Assembly